**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 343** **05-12-2022 - ൽ മറുപടിയ്ക്ക്**

**വില നിലവാരം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം ഉയരുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ്, വിദൂര സംസ്ഥാനങ്ങളിൽ നിന്ന് സാധനങ്ങൾ കൊണ്ടുവരുമ്പോൾ ഉണ്ടാകുന്ന അധികച്ചെലവ് മുതലായ കാരണങ്ങളാലാണ് സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം ഉയരുന്നത്.<br><br>സർക്കാരിന്റെ കാര്യക്ഷമമായ വിപണിയിടപെടൽ പ്രവർത്തനങ്ങളിലൂടെ പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യാനും സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ (4 ഇനം അരി, പഞ്ചസാര, മുളക്, മല്ലി, 5 ഇനം പയറുവർഗ്ഗങ്ങൾ, വെളിച്ചെണ്ണ തുടങ്ങിയവ) പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വില്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തതുമൂലം 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും 2022-23 സാമ്പത്തിക വർഷം (ഒക്ടോബർ-2022 വരെ) 312.48 കോടി രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br><br>സപ്ലൈകോയുടെ മൊബൈൽ മാവേലി വാഹനങ്ങൾ വഴി സംസ്ഥാനത്തെ എല്ലാ |

താലൂക്കുകളിലും പ്രത്യേകിച്ച് സപ്ലൈകോ വില്പനശാലകൾ കുറവുള്ളയിടങ്ങളിൽ അരിയും മറ്റ് അവശ്യ സാധനങ്ങളും ലഭ്യമാക്കുന്നതിനായി 'അരിവണ്ടി' എന്ന ഒരു പദ്ധതി ആവിഷ്കരിച്ച് വിജയകരമായി നടപ്പാക്കി. ഒരാഴ്ചകൊണ്ട് 1,31,464 കിലോ അരിയാണ് 'അരിവണ്ടി' മുഖേന സബ്സിഡി നിരക്കിൽ സംസ്ഥാനത്തെ റേഷൻകാർഡുടമകൾക്ക് വിതരണം ചെയ്തത്. ഇത്തരത്തിൽ സപ്ലൈകോയുടെയും മറ്റ് സർക്കാർ സംവിധാനങ്ങളുടെയും കാര്യക്ഷമമായ ഇടപെടൽ മൂലം അരിയുടെയും മറ്റും വിലവർദ്ധനവിന്റെ ആഘാതം പൊതുജനങ്ങൾക്ക് അനുഭവപ്പെടുന്നില്ല.

90 ചില്ലറ മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിപണനം നടത്തുന്നു. കൂടാതെ ബി.പി.എൽ കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുന്നു.

കോവിഡ് 19 മഹാമാരിക്കാലത്ത് പൊതുജനങ്ങളുടെ ഭക്ഷ്യ സുരക്ഷ ഉറപ്പ വരുത്തുന്നതിനും വിലക്കയറ്റം പിടിച്ചു നിറുത്തുന്നതിനുമായി മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെയുള്ള റേഷൻകടകളിലൂടെ എല്ലാ വിഭാഗം കാർഡുടമകൾക്കും 13 തവണയായി 11 കോടിയോളം സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഈ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും തുണിസഞ്ചിയുൾപ്പടെയുള്ള 14 ഇനം അവശ്യസാധങ്ങൾ ഉൾപ്പെട്ട 85,69,583 ഭക്ഷ്യക്കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമായി 15,590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഇതിനു പുറമേ ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലാ

| | | | |
|---|---|---|---|
| | | | ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോട് ചേർന്ന് സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27/08/2022 മുതൽ 07/09/2022 വരെയുള്ള കാലയളവിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. ടി കാലയളവിൽ മാത്രം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ ഏകദേശം 2.64 കോടി രൂപയുടെ വില്പന നടന്നു. ഓണം ഫെയറുകളിൽ നിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് സാധനങ്ങൾ കുറഞ്ഞ നിരക്കിൽ വാങ്ങുന്നതിന് സാധിച്ചു.<br><br>റേഷൻകടകൾ വഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം നൽകിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.<br><br>കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടേയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചു ചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചു നിർത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പൂഴ്ത്തിവയ്പും കരിഞ്ചന്തയും മുഖേന കൃത്രിമമായി വിലക്കയറ്റം സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിനായി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള സ്ക്വാഡുകൾ പരിശോധന നടത്തി നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് പൊതുവിതരണ-ലീഗൽ മെട്രോളജി-റവന്യൂ എന്നീ വകുപ്പുകളുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്തിവരുന്നു. |
| (ബി) | വില നിലവാരം നിയന്ത്രിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദീകരിക്കാമോ? | (ബി) | അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ്, വിദൂര സംസ്ഥാനങ്ങളിൽ നിന്ന് സാധനങ്ങൾ കൊണ്ടുവരുമ്പോൾ ഉണ്ടാകുന്ന അധികച്ചെലവ് മുതലായ കാരണങ്ങളാലാണ് സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം ഉയരുന്നത്.<br><br>സർക്കാരിന്റെ കാര്യക്ഷമമായ വിപണിയിടപെടൽ പ്രവർത്തനങ്ങളിലൂടെ പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും |

അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യാനും സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ (4 ഇനം അരി, പഞ്ചസാര, മുളക്, മല്ലി, 5 ഇനം പയറുവർഗ്ഗങ്ങൾ, വെളിച്ചെണ്ണ തുടങ്ങിയവ) പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വില്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തതുമൂലം 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും 2022-23 സാമ്പത്തിക വർഷം (ഒക്ടോബർ-2022 വരെ) 312.48 കോടി രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

സപ്ലൈകോയുടെ മൊബൈൽ മാവേലി വാഹനങ്ങൾ വഴി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പ്രത്യേകിച്ച് സപ്ലൈകോ വില്പനശാലകൾ കുറവുള്ളയിടങ്ങളിൽ അരിയും മറ്റ് അവശ്യ സാധനങ്ങളും ലഭ്യമാക്കുന്നതിനായി 'അരിവണ്ടി' എന്ന ഒരു പദ്ധതി ആവിഷ്കരിച്ച് വിജയകരമായി നടപ്പാക്കി. ഒരാഴ്ച്ചകൊണ്ട് 1,31,464 കിലോ അരിയാണ് 'അരിവണ്ടി' മുഖേന സബ്സിഡി നിരക്കിൽ സംസ്ഥാനത്തെ റേഷൻകാർഡുടമകൾക്ക് വിതരണം ചെയ്തത്. ഇത്തരത്തിൽ സപ്ലൈകോയുടെയും മറ്റ് സർക്കാർ സംവിധാനങ്ങളുടെയും കാര്യക്ഷമമായ ഇടപെടൽ മൂലം അരിയുടെയും മറ്റും വിലവർദ്ധനവിന്റെ ആഘാതം പൊതുജനങ്ങൾക്ക് അനുഭവപ്പെടുന്നില്ല.

90 ചില്ലറ മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിപണനം നടത്തുന്നു. കൂടാതെ ബി.പി.എൽ കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുന്നു.

കോവിഡ് 19 മഹാമാരിക്കാലത്ത് പൊതുജനങ്ങളുടെ ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനും വിലക്കയറ്റം പിടിച്ചു നിറുത്തുന്നതിനുമായി മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെയുള്ള

കാലയളവിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെയുള്ള റേഷൻകടകളിലൂടെ എല്ലാ വിഭാഗം കാർഡുടമകൾക്കും 13 തവണയായി 11 കോടിയോളം സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഈ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും തുണിസഞ്ചിയുൾപ്പടെയുള്ള 14 ഇനം അവശ്യസാധനങ്ങൾ ഉൾപ്പെട്ട 85,69,583 ഭക്ഷ്യക്കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമായി 15,590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഇതിനു പുറമേ ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോട് ചേർന്ന് സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27/08/2022 മുതൽ 07/09/2022 വരെയുള്ള കാലയളവിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. ടി കാലയളവിൽ മാത്രം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ ഏകദേശം 2.64 കോടി രൂപയുടെ വില്പന നടന്നു. ഓണം ഫെയറുകളിൽ നിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് സാധനങ്ങൾ കുറഞ്ഞ നിരക്കിൽ വാങ്ങുന്നതിന് സാധിച്ചു.

റേഷൻകടകൾ വഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം നൽകിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടേയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചു ചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത്

| | | | |
|---|---|---|---|
| | | | വിലനിലവാരം പിടിച്ചു നിർത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും മുഖേന കൃത്രിമമായി വിലക്കയറ്റം സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിനായി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള സ്ക്വാഡുകൾ പരിശോധന നടത്തി നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് പൊതുവിതരണ-ലീഗൽ മെട്രോളജി-റവന്യൂ എന്നീ വകുപ്പുകളുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ